# അക്കാദമിക മാസ്റ്റർ പ്ലാൻ

# സാന്തോം ഹയർസെക്കൻഡറി സ്കൂൾ കൊളക്കാട്

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ലാ | :കണ്ണൂർ |
| സ്കൂൾ കോഡ് | : 140 34 |
| സ്കൂളിൻറെ പേര് | :സാന്തോം എച്ച്എസ്എസ് കൊളക്കാട് |
| മേൽവിലാസം | :കൊളക്കാട് P O<br>കണ്ണൂർ ജില്ല |
| പിൻകോഡ് | : 670 673 |
| ഈമെയിൽ ഐഡി | :santhomehs@gmail.com |
| ഗ്രാമപഞ്ചായത്ത് | : കണിച്ചാർ ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : തലശ്ശേരി |
| സബ്ജില്ല | :ഇരിട്ടി |
| ക്ലാസുകൾ | :8 മുതൽ 12 വരെ |
| മാനേജ്മെൻറ് | :കോർപ്പറേറ്റ് മാനേജ്മെൻറ് |

# ആമുഖം

കണ്ണൂർ ജില്ലയുടെ തെക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന കണിച്ചാർ ഗ്രാമ പഞ്ചായത്തിലാണ് കൊളക്കാട് ഹയർ സെക്കൻഡറി സ്കൂൾ. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നിലകൊള്ളുന്ന സ്കൂൾ ആണിത് .കണ്ണൂർ ജില്ലയിൽ ഇരിട്ടി സബ് ജില്ലയിൽ ഏറ്റവും നല്ല റിസൾട്ട് നേടി കൊടുക്കുന്ന ഒരു സ്കൂൾ എന്ന ഖ്യാതി ഹയർ സെക്കൻഡറി സ്കൂളിലുണ്ട് ,സബ്ജില്ലാ ജില്ലാ സംസ്ഥാനതലങ്ങളിൽ വിവിധ മത്സര പരീക്ഷകളിൽ പരിശീലനം നൽകുകയും വിജയം  നേടുന്നതിനും കഴിഞ്ഞു ഹയർസെക്കൻഡറി തലത്തിലും മികച്ച വിജയം നിലനിർത്താൻ കഴിയുന്നു എന്നുള്ളത് മറ്റൊരു എടുത്തു പറയേണ്ട കാര്യമാണ്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമിക രംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂൾ ശ്രമിക്കുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (ഇൻക്ലൂസീവ് എഡ്യൂക്കേഷൻ) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു .കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് ,ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎയുടെ ഇടപെടലും നാട്ടുകാർ, മാനേജ്മെൻറ് പ്രതിനിധികൾ

തുടങ്ങിയവയുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്നു .കൂടാതെ ഹരിത ഭംഗിയാർന്ന ജൈവ സമ്പന്നതയിൽ അലങ്കൃതമായ സ്കൂൾ ക്യാമ്പസ്. ശിശു സൗഹൃദപരമായ അന്തരീക്ഷം എന്നിവ സ്കൂളിൻറെ മുഖമുദ്രയാണ്.

ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിൻറെ അക്കാദമിക നിലവാരത്തിനും പൊതു സമൂഹത്തിന്റെ അംഗീകാരവും ആണ് .ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് .ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായത് നൽകാനും നാളെയുടെ വാഗ്ദാനങ്ങൾ ആയി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ .സ്കൂൾ രൂപം കൊടുത്ത വികസന സെമിനാറിലെ ലക്ഷ്യങ്ങൾ കൂടി സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങൾ ആയി അക്കാദമിക മാസ്റ്റർ പ്ലാൻ മാറും എന്നും പ്രതീക്ഷിക്കാം.

# സാന്തോം ചരിത്ര പാഠങ്ങൾ

കടൽ കടന്നെത്തി കേരളചരിത്രത്തെ, അഗാധമാക്കിയ മഹാനുഭാവൻ മാരുടെ ദിവ്യ സ്മരണയിൽ ഒരു ഗ്രാമം ജാഗരണം കൊള്ളുമിടം.മഹാവ്യഥകൾ ജീവിതത്തിലേറ്റു വാങ്ങേണ്ടിവന്നെങ്കിലും,നേരുതേടിപ്പോയ ആയിരങ്ങളുടെ ഓർമ്മകളിൽ ഇവിടം ഇന്നും സ്നേഹത്തിന്റെ അഭയകുടാരം. ജീവിതത്തിന്റെ മുഖ്യധാരകളിൽ നിന്നും മാറ്റി നിർത്തപ്പെട്ടിരുന്ന ജനങ്ങളുടെ വ്യഥകൾക്കുമേൽ സാൻതോം സാന്ത്വനത്തിന്റെ അരുവിയായ് പെയ്തിറങ്ങുകയായിരുന്നു.

കുടിയേറ്റത്തിന്റെ നിറം മങ്ങിത്തുടങ്ങിയ ഓർമ്മകളിൽ നിന്നുവേണം പുതു തലമുറക്ക് ഈ മണ്ണിന്റെ പഴമ കുഴിച്ചെടുക്കാൻ.മഴയും മഞ്ഞും കീഴടക്കിയ മലനിരകൾ നെടുകയും കുറുകെയും നീളുന്ന ചെമ്മൺ പാതകൾ മദ്ധ്യാഹ്നത്തിൽ പോലും വഴിമറയ്ക്കുന്ന കോടമഞ്ഞ് ജനവാസമില്ലാത്ത ഈ ഒറ്റയടിപാതകളിൽ കരൾ പിളരുന്ന വേദനകളിൽ പോരുതി ജയിച്ചവരാണ് കുടിയേറിയ പഴമക്കാർ.കെടുതിയുടെ പടുകുഴിൽ നിന്നും പുതിയ ജീവിതം പണിതുയർത്താൻ അവന് കഴിഞ്ഞത് നിതാന്ത പരിശ്രമംകൊണ്ടു മാത്രമായിരുന്നുലോകമഹാ യുദ്ധങ്ങൾ തീർത്ത വിശപ്പിന്റെയും അനിശ്ചിതത്വങ്ങളുടെയും നടുവിലൂടെയുള്ള യാത്രയെക്കുറിച്ച് 'വിഷകന്യക'.യുടെ ആമുഖത്തിൽ എസ് . കെ. പറയുന്നു- അറിഞ്ഞോ അറിയാതെയോ ഒരൈക്യ കേരളത്തിന്റെ ആദ്യത്തെ പടവുകൾ വെട്ടിയിറക്കിയ ഈ തിരുവിതാംകൂർ സഹോദരൻമാരോട് എനിക്കൊരു സ്നേഹം തോന്നിപ്പോയി.യാതൊരു ഗവൺമെന്റിന്റേയും പിന്തുണയുംഅനുഭാവവും ലഭിക്കാതെ ഉറച്ച സ്വാശ്രയ ബോധത്തോടും ഒടുങ്ങാത്ത ധൈര്യത്തോടുംകൂടി പുതിയൊരു നാട്ടിൽ ജീവിതം നാട്ടിയ ഇവരെ അഭിനന്ദിക്കാൻ തന്നെ വേണം. മലബാറിലെ ആദ്യത്തെ കുടിയേറ്റ കേന്ദ്രമെന്ന നിലയിൽ പേരാവൂർ 1928-ൽതന്നെ ശ്രദ്ധിക്കപ്പെട്ടിരുന്നു.എന്നാൽ 1936 നു ശേഷമാണ്

കൊളക്കാട് , നെടുപുറംചാൽ,പൂളക്കുറ്റി,ചെങ്ങോം എന്നിവിടങ്ങൾ കുടിയേറ്റ ചരിത്രത്തിൽ ശ്രദ്ധിക്കപ്പെടുന്നത് . പശ്ചിമഘട്ടത്തോട് തോൾ ചേർന്ന് കിടക്കുന്ന ചെറുതും വലുതുമായ മലനിരകളിലെ വറ്റാത്ത നീരുറവകളും ഓടപ്പുഴയും, കാഞ്ഞിരപ്പുഴയും ചേർന്നൊരുക്കിയ പാകമൊത്ത മണ്ണും ഈ ഗ്രാമത്തെ നിത്യ ഭാസുരമാക്കി.അധ്വാനത്തിന്റെ സംഘബോധം കുടിയായപ്പോൾ ഈ മണ്ണ് പൊന്നാവുകയായിരുന്നു.മലനിരകളിൽ കാർഷിക വിഭവങ്ങളുടെ കനക കാന്തിപരന്നു.

ചരിത്രത്തെ നമുക്ക് പതുക്കെ മറക്കാം ഇന്നിവിടം നഗരവേഗത്തിലാണ് . കുടിയേറ്റ വഴികളിൽ ജീവിതം പൂത്തുതുടങ്ങി.പഴയ ഒറ്റയടിചാലുകൾക്കും ചെമ്മൺപാതകൾക്കും വേഗമേറി.പാതയോട് ഓരം ചേർന്ന് വ്യാപാര സ്ഥാപനങ്ങളും,വാർത്താവിനിമയ ബന്ധങ്ങളും,വൈദ്യുതിയുമെല്ലാം ചേർന്ന് കുടിയേറ്റത്തെ മനുഷ്യ ചൈതന്യത്തിന്റെ കുത്തൊഴുക്കാക്കിമാറ്റി.സംസ്കാരത്തിന്റെ പുതുപാഠങ്ങളുമായിപള്ളിയും,പള്ളിക്കൂടങ്ങളുംഉയർന്നുവന്നു. ജനതയുടെ ഹൃദയരേഖപോലെ വെളിച്ചത്തിന്റെ ഹിമാലയങ്ങളായി ഇവ വളർന്നിരിക്കുന്നു. കുടിയേറ്റത്തെ ധൈഷണികമായ മുന്നേറ്റങ്ങളായിരുന്നു.കുടിയേറ്റ ചരിത്രത്തിൽ അതിതുംഗസ്ഥനീയനായ വള്ളോപ്പിള്ളിപ്പിതാവിനെപ്പോലെയുള്ള കർമ്മവ്രതികളുടെ മഹനീയമായ സാന്നിധ്യമുണ്ടായിരുന്നു. കുടിയേറ്റമക്കൾ അധൃഷ്യമെന്ന് കരുതിയ ഭീകര ദുർഗ്ഗങ്ങൾക്കുമുഴവൻ ഈ പുണ്യപുരുഷൻ തീകൊടുത്തു. വേദനകളുടെ തീവ്രധ്യാനത്തിന്റെ ഈ നാളുകളിലെല്ലാം അഭിവന്ദ്യപിതാവ് കൊളക്കാടുകാർക്കൊപ്പമുണ്ടായിരുന്നു; കുടിയേറ്റമക്കളുടെ കൂടെയുണ്ടായിരുന്നു.

കണ്ണീരിൽ കുതിർന്ന ഞങ്ങളുടെ ഭൂമിക്കുമേൽ അഭയകുടാരങ്ങളായത് കുടിപ്പള്ളിക്കൂടങ്ങളായിരുന്നു.ഇവിടെ കുടിയേറ്റ മക്കൾ അക്ഷരങ്ങളുടെ ജീവനും ശക്തിയും തിരിച്ചറിഞ്ഞു.1950-കളിൽ ശ്രീ സ്കറിയ കൊച്ചുവീട്ടിൽ കൊളക്കാട് തുടങ്ങിവെച്ച കുടിപ്പള്ളിക്കൂടം വളർന്ന് 1957-ൽ ഒരു എൽ.പി. സ്കൂളായി ഉയർത്തപ്പെട്ടു. 1966-ൽഅതൊരു യു.പി. സ്കൂളായി. ഒരു ഹൈസ്കൂളിനുവേണ്ടി 1977-മുതൽ സ്ഥലമൊരുക്കി കൊളക്കാട്ടുകാർ കാത്തിരിക്കുകയായിരുന്നു. തൊളക്കാടിന്റെ വികസനത്തിൽ നെടുനായകത്വം വഹിച്ച ഫ്രാൻസിസ് നെടുമ്പള്ളിലച്ചന്റെ ദീർഘ വീക്ഷണത്തെ ഇവിടെ നന്ദിയോടെ സ്മരിക്കുന്നു. 1982 ലാണ് ഈ കാത്തിരിപ്പിന് വിരാമമായത് .1981-ൽ കണിച്ചാർ പഞ്ചായത്തിനുവേണ്ടി അനുവദിച്ച ഹൈസ്കൂൾ 1982-ൽ കൊളക്കാട്ടെ പൗരസമൂഹം ഏറ്റെടുക്കുകയായിരുന്നു.അന്ന് ഇടവക വികാരിയായിരുന്ന ബഹുമാനപ്പെട്ട ജോർജ് സ്രാമ്പിക്കലച്ചന്റെ നേതൃത്വത്തിലായിരുന്നു ഈ മുന്നേറ്റങ്ങൾ.ഇന്ന് ഹൈസ്കൂളിൽ കാണുന്ന കെട്ടിടസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃതം നൽകിയതാവട്ടെ,പിന്നീട് വികാരിയായിവന്ന മാത്യു തെക്കെക്കുളം അച്ചനാണ് .1997-ൽ ബഹു.ജോർജ്ജ് പാല മറ്റത്തിലച്ചന്റെ നേതൃതത്തിൽ ഒരു ഹയർ സെക്കന്ററി സ്കൂളിന് അപേക്ഷകൊടുക്കുകയും, അനുവദിക്കപ്പെടുകയും ചെയ്തു.ബഹു.ജോർജ് അരിക്കുന്നേലച്ചന്റെ നേതൃതത്തിലാണ് ഇന്ന് കാണുന്ന ഹയർസെക്കന്ററി കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കപ്പെട്ടത് . തുടർന്ന് ഇടവകസാരഥികളായി വന്ന ഫാ.ജോസഫ് പൗവ്വത്തിൽ ഫാ.ജോർജ് തെക്കുംഞ്ചേരി എന്നിവരുടെ നേതൃതത്തിൽ സാൻതോം ഉയർച്ചയുടെ പടവുകൾ നേടുകയായിരുന്നു.2023-ൽ സ്കൂൾ മാനേജരായി വന്ന ബഹു.ഫാദർ തോമസ് പട്ടാംകുളം അച്ഛൻറെമേൽനോട്ടത്തിൽ സ്കൂളിന്റെ പ്രവർത്തനങ്ങൾ ഇന്ന് ഏറെ ക്രിയാത്മകമാവുകയാണ്.

ഹൈസ്കൂൾ സ്ഥാപിതമാവുന്നതുമായി ബന്ധപ്പെട്ട് അശാന്തപരിശ്രമം നടത്തിയ മുഴവൻ സുമനസ്സുകളേയും ഈ സമൂഹം നിറഞ്ഞമനസ്സുകളോടെ

ഓർമ്മിക്കുകയാണ് . അവരിൽ ചിന്താസാന്നിധ്യം കൊണ്ടും നേതൃസാന്നിധ്യം കൊണ്ടും കർമ്മ സാന്നിധ്യം കൊണ്ടും നിറഞ്ഞു നിന്നവർ ഉണ്ട് . ഈ കലാലയത്തിന്റെ മുഖ്യ ശില്പികളായി വർത്തിച്ച കൽപ്പണിക്കാർ,മരപ്പണിക്കാർ ഇവരുണ്ട് ഇവർക്കൊപ്പം രാപ്പകൽ കൂട്ടുചേർന്ന ഇടവകസമൂഹമുണ്ട് . മൺറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ അവരെ ഞങ്ങൾ നെഞ്ചോട് ചേർത്ത് ഓർമ്മിക്കുന്നു.

സാൻതോമിന്റെ വളർച്ച അതിവേഗമായിരുന്നു. 1982-ൽ 145 വിദ്യാർത്ഥികളായിരുന്നു.ഞങ്ങൾക്കുണ്ടായിരുന്നത്.ശ്രീ.കെ.സി.വർക്കി മാസ്റ്ററായിരുന്നു പ്രഥമ ഹെഡ്മാസ്റ്റർ.അതിനു ശേഷം ശ്രീ.വി.ഡി ജോർജ് , ശ്രീ.തോമസ് മാത്യു,ശ്രീ.കെ.ജെ.ജോർജ് , ശ്രീ.ഒ.ജെ.മാത്യു, .എൻ.വി.ജോസ് എന്നിവർ സാരഥികളായിരിന്നിട്ടുണ്ട് .2006-07 അധ്യായന വർഷത്തിൽ ഹൈസ്കൂൾ സാരഥിയായി ശ്രീ.പി.എ.തോമസ്സും ഹയർസെക്കന്ററി സാരഥിയായി ശ്രീ.പി.ജെ.പോളും നിയമിതരായി.സ്ഥാപനത്തെ ക്രമപ്പെടുത്തുന്നതിൽ സജീവമായി ഇടപ്പെട്ട മാനേജ്മെന്റ് പ്രതിനിധികളേയും മുഴുവൻ അധ്യാപകരേയും അനധ്യാപകരെയും പി.ടി.എ. ഭാരവാഹികളേയും അക്കാദമിക സമൂഹത്തെയും ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

ഇന്നിത് ഒരു ഹയർസെക്കന്ററി സ്കൂളാണ് .ഒന്നാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ ഒരു കലാലയ സമൂഹം എന്ന നിലയിൽ ഭേദചിന്ത കളില്ലാതെ ഒന്നിക്കുന്നു.സംഘബോധത്തിന്റെയും ആത്മാർപ്പണത്തിന്റേയും വിജയമാണിത് . ജാതിയുടെയോ മതത്തിന്റെയോ സങ്കുചിതമായ വേലിക്കെട്ടു കൾക്കപ്പുറത്ത് ചരിത്രത്തിന്റെ പിണക്കങ്ങളിൽപോലും ഒന്നിച്ചുനിന്നുവെന്നതാണ് ഇതിലെ വിജയമന്ത്രം.

## അക്കാദമിക നേട്ടങ്ങൾ

അക്കാദമി രംഗത്തും കലാകായിക രംഗത്തും മികച്ച പ്രകടനം കാഴ്ചവെക്കാൻ പോയ വർഷങ്ങളിൽ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട് കഴിഞ്ഞ മൂന്ന വർഷങ്ങളിലും എസ്എസ്എൽസി പരീക്ഷയിൽ 100% വിജയം നേടി വരുന്നു. സ്കോളർഷിപ്പ് പരീക്ഷകളിലും മികച്ച വിജയം തന്നെയാണ് വിദ്യാർത്ഥികൾ കാഴ്ചവെക്കുന്നത് 2024 അധ്യായന വർഷത്തിൽ പ്രതിഭകളെ വാർത്തയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് ശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തനം പ്രകൃതി പരിചയമേളയിൽ സംസ്ഥാനതലം വരെ സാന്തോമിലെ കുട്ടികൾ കഴിവു തെളിയിച്ചിരിക്കുന്നു

## പരിമിതികൾ

പൊതു ഗതാഗത സൗകര്യം വളരെ കുറവാണ്.കുട്ടികൾക്ക് പൊതുപരിപാടികൾ നടത്താൻ സൗകര്യപ്രദമായ ഹാളിന്റെ അപര്യാപ്തത വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും വിധ കോർട്ടുകളുടെ അപര്യാപ്തത.

## ലക്ഷ്യങ്ങൾ

*ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും അന്താരാഷ്ട്ര തലത്തിൽ ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക

*കലാകായിക പരിചയ പഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം

*എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗ സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും

*അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ ഭൗതിക സാഹചര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും

*ഉന്നത നിലവാരത്തിലുള്ള അധ്യാപകശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും

*ഐസിടി അധിക്ഷേധ പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പ് ഉറപ്പാക്കും

*ക്ലാസ് മുറികളിൽ ഐസിടി ക്യാമ്പുകൾ ഉറപ്പാക്കുന്നതിനുള്ള ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം രസകരം ആക്കും

*കലാകായിക പ്രവർത്തി പരിചയമിക ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ കണ്ടെത്തും.

*പിന്നോക്കക്കാരെ തുടക്കത്തിലെ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത് ഉൾക്കൊണ്ട് ലഭ്യമാക്കും

*സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനിക വൽക്കരിക്കും

*കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നു

*മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നു

*പ്ലാസ്റ്റിക് മുക്ത കീടനാശിനി ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും

*പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കും

*തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കും

*കുട്ടികൾക്ക് ഗൈഡൻസ് ,കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും

# മേഖല- ഹൈസ്കൂൾ -മലയാളം

| slno | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>വാക്കുകൾ നിർമിക്കുക വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം അടിക്കുറിപ്പെഴുത്ത് ചിത്രം കഥയെഴുത്ത് ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | രണ്ട് മാസം ജൂൺ ജൂലൈ | പുസ്തകങ്ങൾ ചിത്രങ്ങൾ | പിടിഎ അധ്യാപകർ |
| 2 | കുട്ടി മികച്ച വായനക്കാരൻ | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>സമീപ പുസ്തകശാലയിൽ അംഗത്വം<br>വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന കഥ പുസ്തക വായന<br>പുസ്തക ചർച്ച വായനാനുഭവ കുറിപ്പ്<br>വായനാക്കുറിപ്പ് പതിപ്പ്<br>ദിനാചരണങ്ങൾ അഭിമുഖം<br>ആസ്വാദ്യകരമായ വായന<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായന<br>ഇ വായന<br>ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനശാല ഇൻറർനെറ്റ് കമ്പ്യൂട്ടർ | ആറുമാസം | വിദ്യാരംഗം കലാസാഹിത്യവേദി | പിടിഎ അധ്യാപകർ |

# മേഖല -ഹൈസ്കൂൾ- മലയാളം

| slno | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 4 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | കുകഥാചാർച്ച<br>വായനാക്കുറിപ്പ്<br>വായന പതിപ്പ്<br>കഥയെഴുത്തുകൂട്ടം<br>ചുമർപത്രിക<br>അനുഭവ രചന<br>വ്യക്തിഗത രചന<br>സംഘ രചന<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>സംവാദം | ആറുമാസ കാലാവധി | പുസ്തകങ്ങ ൾ<br>ലൈബ്രറി<br>ഫോട്ടോ കൾ<br>വായനശ ാലയിൽ നിന്നുള്ള പുസ്തകങ്ങ ൾ | പിടിഎ അധ്യാപ കർ |
| 5 | പ്രസംഗ പാടവം | പ്രസംഗ പരിശീലന കളരി വിവിധ വിഷയങ്ങൾ നൽകിയ പ്രസംഗം തയ്യാറാക്കൽ മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾക്കൽ പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കി കൊടുക്കൽ ആറുമാസം ജൂലൈ ഡിസംബർ വരെ ഓഡിയോ വീഡിയോ ക്ലിപ്പിംഗ് | ആറുമാസ കാലാവധി | | പ്രസംഗ പരിശീല കൻ അധ്യാപ കർ |

# മേഖല -ഹൈസ്കൂൾ -ഇംഗ്ലീഷ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷ് ലൈബ്രറി നവീകരണം ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം ഇംഗ്ലീഷ് അസംബ്ലി റോൾപ്ലേ ഇംഗ്ലീഷ് ഡേ ആചരണം സെമിനാർ ചർച്ചകൾ | അവധി ക്കാലം | അവധി ക്കാലം | പിടിഎ ടീച്ചേഴ്സ് ആർ ജി |
| | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്തു ദൃശ്യാവിഷ്കാരം നടത്തുന്ന സ്കൂൾ ഇംഗ്ലീഷ് വോയ്സ് അക്ഷരക്കാട് പദക്കാട് വാക്യനിർമാണത്തിനുള്ള കാടുകൾ ചിത്ര വായന | ശനിയാഴ്ച കൾ ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം | ശനിയാഴ്ച കൾ ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം | ഇംഗ്ലീഷ് അധ്യാപ കർ\\\ |
| | സ്വതന്ത്ര വായനക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | ലഘു കഥ നിർമ്മാണം പബ്ലിക് സ്പീക്കിംഗ് ഇംഗ്ലീഷ് പത്രവായന പദ സംവാദനം പത്രവാർത്ത തയ്യാറാക്കൽ ഡിക്ഷണറിലേക്ക് ന്യൂ റീഡിങ് ന്യൂസ് റീഡിങ് കോമ്പറ്റീഷൻസ് | അക്കാദമ ിക വർഷം | അക്കാദമ ിക വർഷം ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം | പിടിഎ എസ് ആർ ജി ടീച്ചേഴ്സ് \\\ |
| | നാടകീകരണം | ഇംഗ്ലീഷ് അസംബ്ലി സ്ക്രിപ്റ്റ് ഇംഗ്ലീഷ് ലാബ്, പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി സ്കിറ്റ് കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ | ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം ക്ലാസ് റൂം | ക്ലാസ് റൂം പ്രവർത്ത നങ്ങൾ അസംബ്ലി | പിടിഎ ടീച്ചർ ഇംഗ്ലീഷ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | കവിതാലാപനത്തിനും<br>കവിതാരചനക്കും<br>പ്രാപ്തരാക്കുന്ന<br><br>സാങ്കേതികവിദ്യ സാധ്യതകൾ<br>ഇംഗ്ലീഷ് ഭാഷാ<br>വികസനത്തിന്<br>പ്രയോജനപ്പെടുത്തുക<br><br>7 സംവാദ സദസ്സുകൾ<br>സംഘടിപ്പിക്കുക | അവതരിപ്പിക്കുന്ന<br><br>വെക്കേഷൻ ശനിയാഴ്ചകൾ<br>വർഷത്തിൽ രണ്ട് പ്രാവശ്യം<br>വെക്കേഷൻ ഓണം ക്രിസ്മസ്<br>അക്കാദമിർഷത്തിൽ ഒന്ന്<br>വെക്കേഷൻ അക്കാദമി വർഷം<br>രണ്ട് അക്കാദമിക വർഷം<br>അക്കാദമിക വർഷം ഒരുതവണ<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br><br>ഇംഗ്ലീഷ് ഓഡിയോ<br>കേൾക്കാനുള്ള അവസരം<br>കവിത രചന ആലാപന<br>മത്സരങ്ങൾ നടത്തുന്ന<br><br>ശനിയാഴ്ചകൾ ക്യാമ്പ് ക്ലാസ്<br>പ്രവർത്തനങ്ങൾ വെക്കേഷൻ<br>ശനിയാഴ്ചകൾ വർഷത്തിൽ രണ്ട്<br>പ്രാവശ്യം വെക്കേഷൻ<br>ഓണംഅവധിക്കാലം<br>ശനിയാഴ്ചകൾ ക്ലാസ് റൂം<br>പ്രവർത്തനങ്ങളോടൊപ്പം<br>അക്കാദമിക വർഷം ക്ലാസ് റൂം<br>പ്രവർത്തനങ്ങളോടൊപ്പം ക്ലാസ്<br>റൂം പ്രവർത്തനങ്ങൾ അസംബ്ലി | അസംബ്ലി<br>ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങൾഅ<br>വധിക്കാ<br>ലം<br><br>ശനിയാഴ്ച<br>കൾ<br>ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങളോ<br>ടൊപ്പം<br><br>അക്കാദമ<br>ിക<br>വർഷം<br>ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങളോ<br>ടൊപ്പം<br><br>ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങൾ | ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങൾ<br>ശനിയാഴ്ച<br>കൾ<br><br>അവധി<br>ക്കാലം<br>ശനിയാഴ്ച<br>കൾ<br><br>ക്ലാസ് റൂം<br>പ്രവർത്ത<br>നങ്ങളോ<br>ടൊപ്പം | പിടിഎ<br>എസ്<br>ആർ ജി<br>ടീച്ചേഴ്സ്<br>ഇംഗ്ലീഷ്<br>ക്ലബ്<br><br>ഇംഗ്ലീഷ്<br>ക്ലബ്<br>ഇംഗ്ലീഷ്ടീ<br>ച്ചേഴ്സ് |

# മേഖല ഹൈസ്കൂൾ ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്ന | ജൂൺ ആദ്യവാര | അധ്യാപകർ | അധ്യാപകർ |
| | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | മാക്സ് ക്ലിനിക് ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | ം തുടർ പ്രവർത്തനം ഒരു ടേമിൽ ഒന്ന് | ഗണിത ലാബ് | ഗണിത ലാബ് |
| | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ശില്പശാലകൾ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്ന ശില്പശാല നടത്തുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന | അക്കാദമിക വർഷത്തിൽ 1 | അധ്യാപകർ<br>സംഘ തലവൻ | അധ്യാപകർ<br>സംഘ തലവൻ |
| | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | വിഷയസമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ ചർച്ചകൾ പാഠസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്ന | തുട പ്രവർത്തനം അക്കാദമിക വർഷം | വിഷയ സമിതി കൺവീനർ | വിഷയ സമിതി കൺവീനർ |
| | ഗണിതത്തിന് അടിസ്ഥാനം | | തുടർ | മുതിർന്ന | മുതിർന്ന |

| | | | | | |
|---|---|---|---|---|---|
| | ഉറപ്പിക്കൽ<br><br>ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ക്ലബ്ബിൻറെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മ | പ്രവർത്തനം ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | അധ്യാപകർ<br><br>ഗണിത അധ്യാപകർ ക്ലബ്ബ് സെക്രട്ടറി | അധ്യാപകർ<br><br>ഗണിത അധ്യാപകർ ക്ലബ്ബ് സെക്രട്ടറി |
| | ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | അധ്യാപകർ പിടിഎ ക്ലബ്ബ് സെക്രട്ടറി | അധ്യാപകർ പിടിഎ ക്ലബ്ബ് സെക്രട്ടറി |
| | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ് ജൂൺ എല്ലാ അധ്യാപക | അധ്യാപകർ പിടി അധ്യാപകരെ | അധ്യാപ ചരിത്രവഴിയെ ഒരു പുഴ പോലെകർ പിടി അധ്യാപകരെ |
| | രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ | മാസത്തിലൊരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്ന | ഒരുമാസത്തിൽ ഒന്ന് | പ്രസിഡണ്ട് പി ടി എ ഗണിത ക്ലബ് മാനേജ്മെൻറ് | പ്രസിഡണ്ട് പി ടി എ ഗണിത ക്ലബ് മാനേജ് |

| മേഖല ഹൈസ്കൂൾ ഹിന്ദി | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മേഖല ഹൈസ്കൂൾ ഹിന്ദി |
| | ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും | നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിൻറെ സിഡി താഴെ ഹിന്ദിയിൽ ബാക്കിയുള്ളവ കാണിക്കും | ജൂൺ മുതൽ അക്കാദമ ിക വർഷം | ഹിന്ദി അധ്യാപകർ | ക്ഷിതാക്കൾ |
| | നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും<br><br>രാഷ്ട്ര ഭാഷയിലുള്ള അഭിരുചി വർദ്ധിപ്പിക്കുന്ന | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ ക്ലാസിൽ കൊണ്ടുവരും | ജൂൺ മുതൽ അക്കാദമ ിക വർഷം<br><br>\ | ഹിന്ദി അധ്യാപകർ | പിടിഎ |
| | മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്ന | കഥ വായന കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്ന | ജൂൺ മുതൽ അക്കാദമ ിക വർഷം | ഹിന്ദി അധ്യാപകർ | ക്ഷിതാക്കൾ<br><br>പിടിഎ |
| | | | ജൂൺ മുതൽ അക്കാദമ | ഹിന്ദി അധ്യാപകർ | ക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | വിവർത്തനങ്ങൾ<br>വാർത്താവായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലികളെ പ്രാപ്തരാക്കുന്ന | പാഠവും പാഠഭാഗവുമായി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br><br>ഹിന്ദി തീയേറ്ററുകൾ സജ്ജീകരിക്കുന്നു. ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്ന പ്രശസ്ത ജനലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്ന | ിക വർഷം<br><br>അക്കാദമ ിക വർഷം | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | പിടിഎ |

| മേഖല ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ചരിത്രമുറങ്ങുന്ന മണ്ണിലൂടെ സർവ്വേ പ്രോജക്ക് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമ ിക വർഷം | രക്ഷിതാ ക്കൾ പി ടി എ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ |
| | മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക | **നാട്ടുപാതയിലൂടെ** ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്ന ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | അക്കാദമ ിക വർഷം അക്കാദമ ിക വർഷം | രക്ഷിതാ ക്കൾ പി ടി എര | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ |
| | സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക വായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | അറ്റ്ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്ന പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ | അക്കാദമ ിക വർഷം | ക്ഷിതാക്ക ൾ പി ടി എ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക<br><br>വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം പ്രോജക്ട് ും ചരിത്ര സിനിമ മുതലാളിയുടെ പ്രദർശനം വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാഭുകളുടെ ക്രമീകരണം കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ആക്കി മാറ്റുന്നു. | അക്കാദമ ിക വർഷം അക്കാദമ ിക വർഷം<br><br>അക്കാദമ ിക വർഷം | രക്ഷിതാ ക്കൾ പി ടി എരക്ഷി താക്കൾ പി ടി എരക്ഷി താക്കൾ പി ടി എ | സാമൂഹ്യ ശാസ്ത്ര അധ്യാപ കർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപ കർ |

# മേഖല ഹൈസ്കൂൾ സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| | കൗതുകം നിരീക്ഷണ പാഠകം എന്നിവ പരിപോഷിക്കുകനിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്ന | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന | അക്കാദമ ിക വർഷം മുഴുവനും അക്കാദമ ിക വർഷം മുഴുവനും | മാനേജ് മെൻ | സയൻസ് ക്ലബ്ബ് |
| | പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക അന്വേഷണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ പ്രവർത്തനങ്ങൾ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്ന ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്ന ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസിലാ എന്നിവ ആധുനികവൽക്കരിക്കുന്ന | അക്കാദമ ിക വർഷം മുഴുവനും | റ്മാനേജ് മെൻറ് | ആരോഗ്യ ക്ലബ് ഹരിത സേന കൃഷിവകു പ്പ് |
| | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്ന മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്ന | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്ന നട്ടുപിടിപ്പിക്കൽ ഉള്ള സൗരത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമ ിക വർഷം മുഴുവനും | നേജ് മെൻറ് | ഹരിത സേന രക്ഷിതാ ക്കൾ മാനേജ് മെൻറ് |

| | | | | | |
|---|---|---|---|---|---|
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | പുതുപുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്ന സംസ്ഥാന ദേശീയ തലത്തിലുള്ള ക്രിസ്റ്റ്d സെമിനാർ ,പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്ന ശാസ്ത്രകാരന്മാരുമായി സംവദിക്കുന്ന കാലം | അക്കാദമ ിക വർഷം മുഴുവനും അക്കാദമ ിക വർഷം മുഴുവനും | | പിടിഎ സയൻസ് അധ്യാപകർ |

| മേഖല ഹൈസ്കൂൾ ICT | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 12 | വിവിധ വിഷയങ്ങളും ആയി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക<br><br>ഓരോ കാലഘട്ടത്തിലും നൂതന സാങ്കേതികവിദ്യകളുടെ ദുരുപയോഗം നടക്കുന്നു ഇത്തരം ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക<br><br>സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക<br><br>സ്മാർട്ട് ക്ലാസ്സ് റൂം ഫലപ്രദമായി ഉപയോഗിക്കുക ഐസിടി പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുക<br><br>ദുസ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക ഐസിടി ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുക | ഐസിടി പഠന വിഭവങ്ങൾ സ്കൂൾ ഐസിടി പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക ഇതിനായി ഇതിനായി സ്കൂൾതലത്തിൽ ഐസിടി ശില്പശാലകൾ സംഘടിപ്പിക്കുക<br><br>ദുരുപയോഗങ്ങൾക്ക് എതിരെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക | അക്കാദമ ിക വർഷം<br><br>അക്കാദമ ിക വർഷം<br><br>അക്കാദമ ിക വർഷം<br><br>അക്കാദമ ിക വർഷം<br><br>അക്കാദമ ിക വർഷം | | ഐസിടി പരിശീല നം നേടിയ അധ്യാപ കർ<br><br>സൈബർ സെൽ<br><br>പിടിഎ<br><br>ഐടി ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| | | | | | |

| മേഖല ഹൈസ്കൂൾ | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| | | | | | |